(ഇ) ചട്ടം നിലവിലില്ലെങ്കിൽ അത് തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്.

(ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കിവരുന്നു.

(സി)&(ഡി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ ശമ്പളം, ഗ്രേഡ് പ്രൊമോഷൻ മുതലായവ കേരള സർക്കാർ ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങളനുസരിച്ചാണ് ഇപ്പോൾ തീരുമാനിച്ചു വരുന്നത്.

(ഇ) നടപടികൾ സ്വീകരിച്ചു വരികയാണ്.

83 (3260) ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വികസനം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിൽ പുതിയ ഗ്യാലറികളും മറ്റു വികസനങ്ങളും നടപ്പിൽ വരുത്താൻ ഗ്യാലറി അഡ്വൈസറി കമ്മിറ്റി നിലവിലുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഏവ; അവയിൽ നടപ്പിൽ വരുത്തിയിട്ടുള്ളവ ഏതെല്ലാം എന്ന് വിശദീകരിക്കുമോ;

(സി) കമ്മിറ്റി ഉണ്ടെങ്കിൽ ആരെല്ലാമാണ് അതിലെ അംഗങ്ങൾ; ഈ കമ്മിറ്റിയുടെ അധികാര പരിധി ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശം ധിക്കരിച്ച് മ്യൂസിയത്തിൽ ലക്ഷങ്ങൾ മുടക്കി പുസ്തകങ്ങൾ, ബസ്സ്, പ്രോജക്ടുകൾ, കമ്പ്യൂട്ടറുകൾ മുതലായവ വാങ്ങിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതിനുമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മ്യൂസിയത്തിൽ ഒരു കമ്പ്യൂട്ടർ ഗ്യാലറി, സഞ്ചരിക്കുന്ന പ്രദർശനശാല എന്നിവ ആരംഭിക്കുക, എയ്റോസ്പേസ്, ടെലികമ്മ്യൂണിക്കേഷൻസ് ഫോറൻസിക് സയൻസ്, ഡിഫൻസ് സ്റ്റഡീസ് എന്നീ ഗ്യാലറികൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പ്ലാനറ്റോറിയം നവീകരിക്കുക എന്നീ നിർദ്ദേശങ്ങളാണ് കമ്മിറ്റി നൽകിയിട്ടുള്ളത്. ഇതിൽ സഞ്ചരിക്കുന്ന പ്രദർശനശാല ഒരുങ്ങി കഴിഞ്ഞു. കമ്പ്യൂട്ടർ ഗ്യാലറിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. പ്ലാനറ്റോറിയം നവീകരണത്തിന് യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഓർഡർ കൊടുത്തുകഴിഞ്ഞു. പുതിയ ഗ്യാലറികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുവാനുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†. മ്യൂസിയത്തിലെ പുതിയ ഗ്യാലറികളുടെ പ്രോജക്ടുകൾ പരിശോധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശുപാർശകൾ സമർപ്പിക്കലാണ് ടി കമ്മിറ്റിയുടെ ചുമതല.

(ഡി)&(ഇ) അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശത്തിനു വിരുദ്ധമായി യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

84 (3264) ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭവന നിർമ്മാണ ബോർഡ് ആവശ്യക്കാരുണ്ടോ എന്ന് തിട്ടപ്പെടുത്താതെ വൻതുക ചെലവഴിച്ച് ഭവനനിർമ്മാണം നടത്തിയതിന് പിന്നിൽ അഴിമതിയുള്ളതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(സി) അഴിമതി സംബന്ധിച്ച് ആർക്കെങ്കിലുമെതിരെ കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയെന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഭവനനിർമ്മാണ ബോർഡിൽ ആവശ്യക്കാരെ തിട്ടപ്പെടുത്തുന്നതിനു വേണ്ടി രജിസ്ട്രേഷൻ പദ്ധതി നിലവിലുണ്ട്. എന്നാൽ രാജീവ് ദശലക്ഷ ഭവന പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് പണികഴിപ്പിച്ച വീടുകളുടെ പണിയിലും സ്ഥലമെടുപ്പിലും അഴിമതി ഉണ്ടെന്ന് ആരോപിച്ചുകൊണ്ട്, ഒരു പരാതി 7.7.1999-ൽ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ട്. അതിന്മേൽ വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

85 (3265) എം.എൽ.എ. മാർക്കുള്ള ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ഹൗസിംഗ് ബോർഡിൽനിന്നും കടമെടുത്ത തുക പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുമ്പോൾ ഏത് മാസത്തെ ഗഡുക്കളാണ് അടക്കുന്നതെന്ന് പണമടച്ചതിന് ലഭിക്കുന്ന രസീതിൽ കാണിക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിമാസ ഗഡുക്കൾ അടക്കുമ്പോൾ ലഭിക്കുന്ന രസീതികളിൽ ഏത് വർഷത്തെ, ഏത് മാസത്തെ ഗഡുക്കളാണ് അടച്ചിരിക്കുന്നതെന്ന് കാണിക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം VIII
811/2010.

LIBRARY ARCHIVES Kerala Legislative Assembly

38. ഉടുമ്പപ്പാലം
39. അഗസ്ത്യൻമൂഴിപ്പാലം
40. കടലുണ്ടിക്കടവിനുകുറുകെ പാലം
41. കുഴിപ്രംകടവ് പാലം
42. നെല്ലിപ്പുഴപ്പാലം
43. എട്ടൂർകുതുകപ്പാറ റോഡ്
44. നായിക്കാലിപ്പാലം
45. ഹെർബർട്ട് പാലം
46. യാക്കരപ്പാലം
47. കാളിക്കാവ് പാലം
48. വട്ടവിള പിരായ്മുട്
49. വെള്ളുമണ്ണ
50. മൂന്നാറ്റുമുക്ക്
51. വലിയപെരുമ്പുഴക്കടവ്
52. കൊച്ചിൻ പാലം
53. തപ്പുഴക്കടവ്.

അനുബന്ധം - VIII

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 83 (3260) കാണുക

അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ

(1) നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയംസിന്റെ (കൽക്കട്ട) ഡയറക്ടർ ജനറൽ, ശ്രീ. എ.കെ. മുഖർജി.

(2) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ ഡയറക്ടർ ശ്രീ. ജി. വിജയരാഘവൻ.

(3) കൊച്ചിയിലെ ഗാർഡിയൻ കൺട്രോൾഡ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. പി.കെ. കോശി.

(4) ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ബയോമെഡിക്കൽ എൻജിനീയറായ ശ്രീ കോരുത് പി. വർഗ്ഗീസ്.

(5) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർ.

അനുബന്ധം - IX

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 181 (3215) കാണുക

പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം

1. എൻജിനീയറിംഗ് കോഴ്സുകൾ (പ്രവേശന പരീക്ഷാ കമ്മീഷണർ മുഖാന്തിരം)

(എ) ഫ്രീ സീറ്റുകളുടെ എണ്ണം : 4034

LIBRARY ARCHIVES Kerala Legislative Assembly